**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 369** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>അറവ് മാലിന്യ സംസ്കരണ പ്ലാന്റ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിയമാനുസരണം പ്രവർത്തിക്കുന്ന ആട്, മാട്, കോഴി ഇറച്ചി സംസ്കരണ പ്ലാന്റുകളുടെ ഇനം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

**<u>മറുപടി:</u> സംസ്ഥാനത്ത് നിയമാനുസരണം പ്രവർത്തിക്കുന്ന ആട്,മാട്, ഇറച്ചി സംസ്കരണ പ്ലാൻറുകളുടെ ഇനം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.**

**1. തിരുവനന്തപുരം ജില്ലയിൽ ആനയറ, കഠിനംകുളം**

**2. എറണാകുളം ജില്ലയിൽ കലൂർ, കുത്താട്ടുകുളം**

ഇത് കൂടാതെ മാട്ടുകളെ (കാള/പോത്ത്) കശാപ്പ് ചെയ്ത് ഇറച്ചി സംസ്കരണത്തിന് ഇടയാറിൽ ഒരു ഹൈടെക് സ്ലോട്ടർ ഹൗസും, ആട് തുടങ്ങിയ ചെറിയ മൃഗങ്ങളെ സംസ്കരിക്കാൻ ഒരു ഫാക്ടറിയും, കോഴി സംസ്കരണത്തിന് ഒരു കോഴി സംസ്കരണ പ്ലാൻറും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ആസ്ഥാനമായ എറണാകുളം ജില്ലയിലെ ഇടയാറിൽ പ്രവർത്തിച്ച് വരുന്നു

**(ബി)** പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ എന്നിവയുടെ നേതൃത്വത്തിൽ നേരിട്ട് അറവ് മാലിന്യ സംസ്കരണ പ്ലാന്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u> കിഫ്ബി ലോൺ തിരിച്ചടവ് മുഖേന ആധുനിക അറവുശാല പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൊച്ചി, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകൾ, പുനലൂർ, ആറ്റിങ്ങൽ, ഇരിങ്ങാലക്കുട, കുന്നംകുളം കായംകുളം, അങ്കമാലി നഗരസഭകളും ഇംപാക്ട് കേരളയിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് വരുന്നു.**

**(സി)** അറവ് മാലിന്യ സംസ്കരണ പ്ലാന്റുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി ഓരോ ജില്ലയിലും നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ഇനം, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കോഴി അറവു മാലിന്യ സംസ്കരണ പ്ലാന്റുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി നിലവിൽ ജില്ലകളിൽ ലഭിച്ചിട്ടുള്ള അപേക്ഷളുടെ എണ്ണം ചുവടെ ചേർക്കുന്നു.

പത്തനംതിട്ട - 1

കോട്ടയം - 1

എറണാകുളം - 2

തൃശ്ശൂർ - 1

പാലക്കാട് -3

**കോഴിക്കോട് - 2**

**(ഡി)** പ്രസ്തുത അപേക്ഷകളിന്മേൽ എന്തു കൊണ്ടാണ് തീർപ്പ് കൽപ്പിക്കാത്തതെന്ന് വിശദമാക്കുമോ;

**മറുപടി: പ്രസ്തുത അപേക്ഷകൾ ചിക്കൻ റെന്ററിംഗ് പ്ലാന്റുകൾക്ക് അനുമതി നൽകുന്നതിനായി ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള ഡിസ്ട്രിക്ട് ലെവൽ ഫെസിലിറ്റേഷൻ & മോണിറ്ററിംഗ് കമ്മിറ്റി (DLFMC) പരിശോധിച്ച് അനുമതി നൽകി വരുന്നു.**

**(ഇ)** സംസ്ഥാനത്ത് ഏതെങ്കിലും ജില്ലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ കോഴി, ഇറച്ചി (ആട്, മാട്) സംസ്കരണ പ്ലാന്റുകളിൽ നിന്നുള്ള എൻ.ഒ.സിയോ, മറ്റ് സർട്ടിഫിക്കറ്റുകളോ, രേഖകളോ, ലഭ്യമായിട്ടുള്ള കോഴി, ഇറച്ചി (ആട്, മാട്) കച്ചവട സ്ഥാപനങ്ങൾക്ക് മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് അനുവദിക്കാൻ പാടുള്ളൂ എന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശവും പ്രസ്തുത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

**മറുപടി: 07.10.2021-ലെ സ.ഉ.(കൈ).227/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിൽ റെന്ററിംഗ് പ്ലാന്റുമായുള്ള കരാറോ, മലിനീകരണ നിയന്ത്രണ ബോർഡ് അംഗീകരിച്ചിട്ടുള്ള മാലിന്യ സംസ്കരണ സംവിധാനമോ ഉള്ള കോഴിയിറച്ചി കച്ചവട സ്ഥാപനങ്ങൾക്ക് മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് നൽകാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.**

**സെക്ഷൻ ഓഫീസർ**